## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2199 — 11/03/2020-ൽ മറുപടിക്ക്

**വള്ളിക്കുന്നം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

| ചോദ്യം<br><br>**ശ്രീ.ആർ. രാജേഷ്** | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| മാവേലിക്കര വള്ളിക്കുന്നം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലവും ഓഫീസ് കെട്ടിടവും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | 24/02/2016-ലെ ബോർഡ് ഉത്തരവ് പ്രകാരം വള്ളിക്കുന്നത്ത് പുതിയ സെക്ഷൻ അനുവദിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം പുതിയ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായോ അല്ലെങ്കിൽ വാടക രഹിത കെട്ടിടമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് നൽകിയ വാടക രഹിത കെട്ടിടത്തിൽ 2017 മുതൽ ഓഫീസ് പ്രവർത്തിച്ച് വരുന്നു. ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സ്ഥലം തദ്ദേശ സ്ഥാപനമോ അല്ലെങ്കിൽ വ്യക്തികളോ മറ്റ് സംഘടനകളോ സൗജന്യമായി നൽകുന്ന പക്ഷം കെ.എസ്.ഇ.ബി. കെട്ടിടം നിർമ്മിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ